**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2382** **12-02-2024 - ൽ മറുപടിയ്ക്ക്**

**പി.ആർ.എസ്. വായ്പാ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നെല്ല് സംഭരിച്ച തുക യഥാസമയം കർഷകന് ലഭ്യമാകാത്ത സാഹചര്യം നിലനില്‍ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിലവിൽ സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് കാലതാമസം കൂടാതെ നൽകി വരുന്നുണ്ട്. |
| (ബി) | പാഡി റസീപ്റ്റ് സ്ലിപ്പ് അഥവാ പിആർഎസ് സംവിധാനം കർഷകന് ബാദ്ധ്യതയാകുന്നു എന്നതിനാൽ ഈ രീതിയിൽ മാറ്റം വരുത്താൻ തയ്യാറാകുമോ; വിശദമാക്കുമോ? | (ബി) | സംഭരിച്ച നെല്ല് മില്ലുകളിൽ കുത്തി അരിയാക്കി പൊതു വിതരണ ശൃംഖല വഴി വിതരണം നടത്തി ആയതിന്റെ വിവരങ്ങൾ 'അന്നവിതരൺ' പോർട്ടലിൽ സിവിൽ സപ്ലൈസ് വകുപ്പ് രേഖപ്പെടുത്തുന്നു. അതിനുശേഷം ത്രൈമാസ ക്ലെയിം തയ്യാറാക്കി നൽകുമ്പോൾ മാത്രമാണ് നെല്ലിന്റെ താങ്ങുവില കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നത്. കേന്ദ്ര സർക്കാരിൽ നിന്നും കർഷകർക്ക് നൽകുവാനുള്ള തുകകൾ സമയബന്ധിതമായി ലഭ്യമാകാത്ത സാഹചര്യത്തിൽ ആ വിടവ് നികത്തുന്നതിനു വേണ്ടി മാത്രമാണ് ചില ബാങ്കുകൾ മുഖേന പി.ആർ.എസ് വായ്പ മുഖാന്തരം സപ്ലൈകോ കർഷകർക്ക് സംഭരണ വില നൽകിവരുന്നത്. നിലവിൽ പി.ആർ.എസ് സമ്പ്രദായത്തിൽ നിന്ന് പിൻമാറുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ